(vii) ശുഐബ്നബി

മദ്‌യൻ-ഐകഃ നിവാസികളിലേക്ക് നിയോഗിക്കപ്പെട്ട ദൈവദൂതനായിരുന്നു ശുഐബ്നബി. വടക്കൻ ഹിജാസ് മുതൽ ഫിലസ്തീന്റെ തെക്കു ഭാഗം വരേക്കും അവിടന്ന് സീനാ അർധ ദ്വീപിന്റെ അറ്റം വരേക്കും കാസ്പിയൻ കടലിന്റെയും അഖബഃ ഉൾക്കടലിന്റെയും തീരങ്ങളിലായി വ്യാപിച്ചുകിടന്നിരുന്ന ജനവിഭാഗമായിരുന്നു മദ്‌യൻകാർ. വടക്കൻ അറേബ്യയിൽ തൈമാഅ്, തബൂക്, അൽഉലാ എന്നിവിടങ്ങളിൽ വസിച്ചിരുന്നവരാണ് ഐകഃ വാസികൾ.

മദ്‌യൻ നിവാസികൾ ഇബ്റാഹീംനബിയുടെ സന്താന പരമ്പരയിൽ പെട്ടവരായിരുന്നതിനാൽ തങ്ങൾ വിശ്വാസികളാണെന്ന് വാദിക്കുകയും അതിൽ അഭിമാനം കൊള്ളുകയും ചെയ്തിരുന്നു. എങ്കിലും മദ്‌യൻ നിവാസികൾ ആദർശ രംഗത്തും കർമരംഗത്തും വ്യക്തമായും മാർഗഭ്രംശം ബാധിച്ചവരായിരുന്നു. ആരാധനാ കാര്യങ്ങളിലും സാമ്പത്തിക മേഖലയിലുമായിരുന്നു അവരുടെ മാർഗ ഭ്രംശം കൂടുതൽ പ്രകടമായിരുന്നത്. രണ്ട് രംഗത്തും അല്ലാഹുവിന്റെ മാത്രം പരമാധികാരം അംഗീകരിക്കാൻ അവർ കൂട്ടാക്കിയില്ല. അല്ലാഹുവിൽ പങ്ക്ചേർക്കുകയും സാമ്പത്തിക ഇടപാടുകളിൽ കൃത്രിമം കാണിക്കുകയും ചെയ്യുന്നവരായിരുന്നു ശുഐബിന്റെ ജനത. അതുപോലെ തങ്ങളുടെ പ്രദേശത്തുകൂടി കടന്നുപോകുന്ന യാത്രാ സംഘങ്ങളെ കൊള്ളയടിക്കലും മദ്‌യൻ നിവാസികളുടെ പതിവായിരുന്നു. ശുഐബിന്റെ പ്രബോധനം മുഖ്യമായും രണ്ട് മേഖലകളിലാണ് കേന്ദ്രീകരിച്ചത്. അദ്ദേഹം നടത്തിയ പ്രബോധനം ഖുർആൻ ഇപ്രകാരം സംഗ്രഹിക്കുന്നു: ''മദ്‌യൻ നിവാസികളിലേക്ക് നാം അവരുടെ സഹോദരൻ ശുഐബിനെ നിയോഗിച്ചിരുന്നു. അദ്ദേഹം പറഞ്ഞു: എന്റെ ജനമേ, അല്ലാഹുവിന് ഇബാദത് ചെയ്യുവിൻ. നിങ്ങൾക്ക് അവനല്ലാതെ വേറെ ഇലാഹില്ല തന്നെ. നിങ്ങളുടെ റബ്ബിങ്കൽനിന്ന് നിങ്ങൾക്ക് സ്പഷ്ടമായ മാർഗദർശനം ആഗതമായിരിക്കുന്നു. അതിനാൽ നിങ്ങൾ അളവ് തൂക്കങ്ങൾ നിറപടിയാക്കുവിൻ. ജനങ്ങൾക്ക് അവരുടെ സാധനങ്ങൾ കമ്മിയാക്കാതിരിക്കുവിൻ. ഭൂമിയിൽ അതിന്റെ സംസ്കരണം നടന്ന ശേഷം നിങ്ങൾ നാശമുണ്ടാക്കാതിരിക്കുവിൻ. ഇതിൽ മാത്രമാകുന്നു നിങ്ങൾക്ക് ഗുണമുള്ളത്, നിങ്ങൾ വിശ്വാസികളാണെങ്കിൽ. ജനങ്ങളെ ഭയപ്പെടുത്തുന്നവരായും വിശ്വാസികളെ അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് തടയുന്നവരായും സന്മാർഗത്തെ വക്രമാക്കാൻ ശ്രമിക്കുന്നവരായുംകൊണ്ട് വഴികളിലെല്ലാം നിങ്ങൾ ഇരിക്കരുത്. നിങ്ങൾ അംഗസംഖ്യയിൽ തുച്ഛമായിരുന്ന കാലം ഓർത്തുനോക്കുക. അനന്തരം അല്ലാഹു നിങ്ങളെ വളരെ പെരുപ്പിച്ചു. ലോകത്ത് നാശകാരികളായവരുടെ പര്യവസാനം എങ്ങനെയെല്ലാമായിരുന്നുവെന്ന് കണ്ണുതുറന്ന് നോക്കുവിൻ.'' (അൽഅഅ്റാഫ് 85-86).

എന്നാൽ മദ്‌യൻകാരിൽ ഭൂരിപക്ഷവും ശുഐബ്നബിയുടെ പ്രവാചകത്വം അംഗീകരിക്കുകയോ അദ്ദേഹത്തിന്റെ പ്രബോധനം സ്വീകരിക്കുകയോ ചെയ്തില്ല. എല്ലാ പ്രവാചകന്മാരെയും പോലെ അദ്ദേഹത്തിന്റെയും പ്രതിയോഗികൾ സമൂഹത്തിലെ പ്രമാണിമാരായിരുന്നു. അവർ സത്യപ്രബോധനത്തെ തടസ്സപ്പെടുത്താനും വിശ്വാസികൾക്ക് വിഘ്നാതം സൃഷ്ടിക്കാനും ശ്രമിച്ചുകൊണ്ടിരുന്നു. ശുഐബിന്റെ പ്രബോധനത്തെ പരിഹാസത്തോടുകൂടിയാണ് അവർ നേരിട്ടത്. ആ പരിഹാസം ഖുർആൻ ഇപ്രകാരം ചിത്രീകരിക്കുന്നു. ''ശുഐബ്, ഞങ്ങളുടെ പിതാക്കൾ ആരാധിച്ചു വരുന്നതിനെ ഞങ്ങൾ കൈവെടിയണമെന്നും ഞങ്ങളുടെ ധനത്തിൽ ഞങ്ങളുദ്ദേശിക്കും വിധം പ്രവർത്തിക്കുന്നത് ഉപേക്ഷിക്കണമെന്നും കല്പിക്കാൻ നിന്നെ പ്രേരിപ്പിക്കുന്നത് നിന്റെ നമസ്കാരമാണോ? നിശ്ചയം, നീയൊരു ബുദ്ധിമാനും തന്റേടിയും തന്നെ''(ഹൂദ് 87)

ഇത്തരം പരിഹാസങ്ങളൊന്നും ശുഐബ്നബിയെ പ്രകോപിതനാക്കിയില്ല. തികഞ്ഞ ഗുണകാംക്ഷയോടെ സൗമ്യമായ ഭാഷയിൽ അദ്ദേഹം പ്രബോധനം തുടർന്നു. എങ്കിലും അതൊന്നും അവരിൽ ഒരു ചലനവും സൃഷ്ടിച്ചില്ലെന്ന് മാത്രമല്ല, അവർ അദ്ദേഹത്തെയും അനുയായികളെയും ഭീഷണിപ്പെടുത്തുകയും ചെയ്തു. അവർ പറഞ്ഞു: ''ഓ ശുഐബ്, നിന്നെയും നിന്നോടൊപ്പം വിശ്വസിച്ചവരെയും ഞങ്ങളുടെ നാട്ടിൽനിന്ന് ഞങ്ങൾ പുറത്താക്കുക തന്നെ ചെയ്യും. അല്ലെങ്കിൽ നിങ്ങൾ ഞങ്ങളുടെ മാർഗത്തിലേക്ക് മടങ്ങിയേ തീരൂ.''(അൽഅഅ്റാഫ് 88)

സത്യപ്രബോധനം സ്വീകരിക്കാതെ ധിക്കാരം കാണിച്ചതിനാൽ തങ്ങളുടെ മുൻഗാമികളായ ആദ്, ഥമൂദ് ഗോത്രങ്ങൾക്കും ലൂത്വിന്റെ ജനതക്കുമൊക്കെ നേരിടേണ്ടിവന്ന അനുഭവങ്ങൾ ഓർമപ്പെടുത്തിക്കൊണ്ടും അത്തരം ശിക്ഷയിലേക്ക് താക്കീത് ചെയ്തുകൊണ്ടും ശുഐബ് തന്റെ ജനതയെ പ്രബോധനം ചെയ്തു. പക്ഷേ, അവർ ധിക്കാരത്തോടെ ശുഐബിന് നേരെ പുറംതിരിഞ്ഞ് നില്ക്കുകയാണുണ്ടായത്. ഒടുവിൽ ശുഐബ്നബിയുടെ ജനത ഒരു കാരണവശാലും മാറുകയില്ലെന്ന് വ്യക്തമാവുകയും അക്കാര്യം അവർതന്നെ സാക്ഷ്യപ്പെടുത്തുകയും ചെയ്തപ്പോൾ അല്ലാഹു അവരെ നശിപ്പിച്ചു: ''അവർ തങ്ങളുടെ വീടുകളിൽ നിശ്ചേതനരായി കമിഴ്ന്ന് വീണു. അവർ അവിടങ്ങളിൽ മുമ്പ് വസിച്ചിട്ടേയില്ലാത്തവിധം'' (ഹൂദ് 94-95) എന്നാണ് അതെപ്പറ്റി ഖുർആന്റെ പരാമർശം.